Prot. No. 649 / 2022

# മണിക്കടവ് സെന്റ് തോമസ് പള്ളിയെ ഫൊറോനാപള്ളിയായി പ്രഖ്യാപിച്ചു കൊണ്ടുള്ള കല്പന

മണിക്കടവ് സെന്റ് തോമസ് പള്ളിയുടെ ബഹുമാനപ്പെട്ട വികാരിയച്ചനും കൊച്ചച്ചനും ദൈവജനത്തിനും നമ്മുടെ കർത്താവീശോമിശിഹായിൽ കൃപയും ആശീർവാദവും

നെല്ലിക്കാംപൊയിൽ ഫൊറോനയിലെ വിശ്വാസികളുടെ അജപാലന ശുശ്രൂഷ കൂടുതൽ ഫലപ്രദമാക്കുന്നതിനായി വിവിധ കാനോനിക സമിതികളിൽ ആലോചിച്ചതിന്റെ വെളിച്ചത്തിൽ ദൈവകൃപയാലും തിരുസഭയുടെ നിയോഗത്താലും എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അജപാലനാധികാരം ഉപയോഗിച്ച് മണിക്കടവ് സെന്റ് തോമസ് ഇടവക കേന്ദ്രമാക്കി പുതുതായി 'മണിക്കടവ് ഫൊറോന' രൂപീകരിക്കുന്നു. മണിക്കടവ്, കാഞ്ഞിരക്കൊല്ലി, ശാന്തിനഗർ, കാലാങ്കി, മാട്ടറ, ആനറ, മണിപ്പാറ, മുണ്ടാനൂർ, എന്നീ ഇടവകകളും വട്ട്യാംതോട്, വെങ്ങലോട് എന്നീ കുരിശുപള്ളികളും പുതുതായി രൂപപ്പെടുന്ന മണിക്കടവ് ഫൊറോനയിൽ ഉൾപ്പെടുന്നതായിരിക്കും. തലശ്ശേരി അതിരൂപതാകുടുംബത്തോട് ചേർന്നുനിന്നുകൊണ്ട് ആ പ്രദേശത്തു വസിക്കുന്ന വിശ്വാസികളുടെ സമൂഹത്തിന് നേതൃത്വം നല്കുവാനും, സമൂഹത്തിൽ സുവിശേഷസാക്ഷ്യം വഹിക്കുവാനും ഈശോമിശിഹായിൽ ഐക്യപ്പെട്ട സ്നേഹകൂട്ടായ്മയായി മുന്നേറുവാനും മണിക്കടവ് ഫൊറോനയ്ക്ക് സാധിക്കട്ടെ.

മണിക്കടവ് ഫൊറോനയുടെ പ്രഥമ വികാരിയായി ഇപ്പോൾ മണിക്കടവ് സെന്റ് തോമസ് പള്ളിയുടെ വികാരിയായി സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട പടിഞ്ഞാറെമുറിയിൽ പയസ് അച്ചനെ ഇതിനാൽ നിയ

മിക്കുന്നു. ഫൊറോനാ വൈദികസമ്മേളനം വിളിച്ചുകൂട്ടി ഫൊറോന കൗൺസിൽ രൂപീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും നമ്മുടെ അതിരൂപതയുടെ പ്രത്യേക നിയമവും പാരമ്പര്യവും അനുസരിച്ച് ആവശ്യമായ ഇതര ഫൊറോനാ സംവിധാനങ്ങൾ സജ്ജീകരിക്കണമെന്നും ഇതിനാൽ അറിയിക്കുന്നു. പുതിയ ഫൊറോനാപള്ളിയുടെ ബഹുമാനപ്പെട്ട വികാരിയച്ചനും കൊച്ചച്ചനും വിശ്വാസികൾക്കും ദൈവാനുഗ്രഹം സമൃദ്ധമായി ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുകയും നിങ്ങൾ ഏവരെയും ഞാൻ പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിക്കുകയും ചെയ്യുന്നു.

ഈ കല്പന യോഗപുസ്തകത്തിൽ പകർത്തി ബഹുമാനപ്പെട്ട വികാരിയച്ചൻ കൈയ്യൊപ്പ് രേഖപ്പെടുത്തേണ്ടതാണ്.

2022 ഡിസംബർ 31ന് തലശ്ശേരി അതിരൂപതാ സ്ഥാപകദിനത്തിൽ അതിരൂപതാ കാര്യാലയത്തിൽ നിന്നും നല്കപ്പെട്ടത്.



**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*



**മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ*
*മെത്രാപ്പോലീത്ത*